പ്രകാരം അടിസ്ഥാന മൂലധന നിക്ഷേപ ശതമാനം ചുവടെ ചേർക്കുന്നു :

2011-12	- 30 %
2012-13	- 33 %
2013-14	- 30 %
2014-15	- 31 %

(ഡി) 2014-15-ലെ പദ്ധതിച്ചെലവ് കുറഞ്ഞിട്ടില്ല. 31-03-2015 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം ചെലവഴിച്ച തുകയും (14252.27 കോടി) ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 1530 കോടി രൂപയും ഉൾപ്പെടെ പദ്ധതി അടങ്കലിന്റെ 79 ശതമാനം (15782.27 കോടി രൂപ) ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ചെലവിൽ കാര്യമായ കുറവ് സംഭവിച്ചതായി കാണുന്നില്ല.

ആലപ്പുഴ ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് നിയമനം

49 (2682) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും തൊഴിലുറപ്പും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നിലവിൽവന്ന സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/ അസിസ്റ്റന്റ് ഗ്രേഡ്-2 റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് വ്യക്തമാക്കുമോ ;

(ബി) പുതുതായി എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ; പ്രസ്തുത തസ്തികയിലെ കേഡർ സ്ട്രെങ്ത് എത്രയാണ് ; വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ പ്രസ്തുത തസ്തിക പുതുതായി സൃഷ്ടിക്കുകയോ വെട്ടിച്ചുരുക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) നിലവിൽ ജില്ലയിൽ ഏതെല്ലാം ഓഫീസുകളിലാണ് ഈ തസ്തിക നിലവിലുള്ളത് ; വ്യക്തമാക്കുമോ ;

(ഇ) 2015-16 സാമ്പത്തിക വർഷത്തിൽ പ്രൊമോഷൻ ഉൾപ്പെടെ എത്ര ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ വന്ന പുതിയ റാങ്ക് ലിസ്റ്റിൽനിന്നും നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/അസിസ്റ്റന്റ് ഗ്രേഡ് II - 5 എണ്ണം

കേഡർ സ്ട്രെങ്ത് - 36 എണ്ണം

(സി) ഇല്ല.

(ഡി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ ഓഫീസ് - 4 എണ്ണം, 6 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്-31 എണ്ണം, ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് - 1 എണ്ണം

(ഇ) 2015-16 സാമ്പത്തിക വർഷത്തിൽ 5 പ്രൊമോഷനുകളും 5 പുതിയ ഒഴിവുകളും ഉൾപ്പെടെ ആകെ 10 ഒഴിവുകൾ പ്രതീക്ഷിക്കുന്നു.

കേന്ദ്ര സർക്കാർ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള കർമ്മപദ്ധതികൾ

50 (T 2683) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഭരണതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അതിനായി ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളുടെ ഉള്ളടക്കം വിശദമാക്കുമോ ;

(സി) ഇത് മോണിറ്റർ ചെയ്യുവാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു